## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1141.** **30.11.2018 ൽ മറുപടിയ്ക്ക്**

## ലഹരി വസ്തുക്കളുടെ വില്പനയും ഉപയോഗവും തടയാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.ജെ.മാക്സി | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | ലഹരി വസ്തുക്കളുടെ വില്പനയും ഉപയോഗവും തടയുവാൻ ഈ സർക്കാർ സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങൾ വ്യക്തമാക്കാമോ; | (എ) | ലഹരി പദാർത്ഥ ഉപയോഗവും വ്യാപനവും തടയുന്നതിന് സംസ്ഥാനത്തൊട്ടാകെ എക്സൈസ് ഷാഡോ സംവിധാനവും ഇന്റലിജൻസ് വിഭാഗവും എക്സൈസ് സ്പെഷ്യൽ സ്ക്വാഡുകളും കാര്യക്ഷമമായി പ്രവർത്തിക്കുകയും കഞ്ചാവ് അടക്കമുള്ള ലഹരി വസ്തുക്കൾ അയൽ സംസ്ഥാനങ്ങളിൽ നിന്നും കടത്തിക്കൊണ്ടു വരുന്നത് തടയുന്നതിന് ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തി വാഹന പരിശോധനകൾ കർശനമാക്കുകയും ചെയ്തിട്ടുണ്ട്. എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ തമിഴ്നാട്-കർണ്ണാടക സംസ്ഥാനങ്ങളിലെ എൻഫോഴ്സ്മെന്റ് വിഭാഗങ്ങളുമായും സംസ്ഥാനത്തിനകത്ത് പോലീസ്, ഫോറസ്റ്റ്, റവന്യൂ, മറൈൻ എൻഫോഴ്സ്മെന്റ്, കോസ്റ്റൽ പോലീസ്, ആർ.പി.എഫ്. തുടങ്ങിയ വിഭാഗങ്ങളുമായും ചേർന്ന് ബന്ധപ്പെട്ട മേഖലകളിൽ സംയുക്ത പരിശോധനകളും നടത്തി വരുന്നുണ്ട്.<br><br>വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരങ്ങളിലും ബസ് സ്റ്റാന്റുകൾ, റെയിൽവേ സ്റ്റേഷനുകൾ, |

ഇതരസംസ്ഥാന തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങൾ, കോളനികൾ, വിനോദ സഞ്ചാര കേന്ദ്രങ്ങൾ തുടങ്ങി ലഹരി പദാർത്ഥങ്ങളുടെ ദുരുപയോഗം നടക്കാനിടയുള്ള സ്ഥലങ്ങൾ കേന്ദ്രീകരിച്ച് രഹസ്യ നിരീക്ഷണങ്ങൾ നടത്തി മയക്ക് മരുന്നുകളുടെ ഉപഭോഗം, വിൽപ്പന എന്നിവ സംബന്ധിച്ച കുറ്റകൃത്യങ്ങൾ തടയുന്നതിന് ശക്തമായ നടപടികൾ സ്വീകരിക്കുകയും, ആയതിന്റെ ഫലമായി നിരവധി കേസുകൾ കണ്ടെത്തുകയും ചെയ്തിട്ടുണ്ട്.

(ബി) ഈ സർക്കാർ കാലയളവിൽ നാളിതുവരെ മയക്കമരുന്ന് വില്പനയും ഉപയോഗവും തടയുന്നതിന്റെ ഭാഗമായി എത്ര തുകയുടെ മയക്കമരുന്ന് പിടികൂടിയിട്ടുണ്ട്;എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; എത്ര പേരെ ഇതിന്റെ ഭാഗമായി പിടികൂടിയിട്ടുണ്ട്; എത്ര പേരെ ഇനിയും പിടികൂടാനുണ്ട്; വർഷം തിരിച്ച് വിശദാംശം വ്യക്തമാക്കുമോ;

(ബി) ഉദ്ദേശം 1000 കോടി രൂപ വിലമതിക്കുന്ന മയക്ക്മരുന്ന് പിടികൂടി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എൻ.ഡി.പി.എസ്. ആക്ട് പ്രകാരം 14,293 കേസ്സുകൾ രജിസ്റ്റർ ചെയ്ത് 14,888 പേരെ പിടികൂടിയിട്ടുണ്ട്. 156 പേരെ പിടികൂടാനുണ്ട്.

| വർഷം | പിടികൂടിയ മയക്കമരുന്നുകളുടെ ഉദ്ദേശ വില | രജിസ്റ്റർ ചെയ്ത കേസ്സുകളുടെ എണ്ണം | പിടികൂടിയ പ്രതികളുടെ എണ്ണം. | പിടികൂടാനുള്ള പ്രതികളുടെ എണ്ണം |
|---|---|---|---|---|
| 2016 | 100 | 2033 | 2158 | 33 |
| 2017 | 200 | 5946 | 6226 | 73 |
| 2018 ഒക്ടോബർ മാസം വരെ | 700 | 6314 | 6504 | 50 |
| ആകെ | **1000** | **14293** | **14888** | **156** |

(സി) ഓൺലൈനായി മയക്കമരുന്നും മറ്റ് ലഹരി വസ്തുക്കളും ലഭ്യമാക്കുന്നത്

(സി) വിവിധ സാമൂഹിക മാധ്യമങ്ങളും ഡീപ് വെബ്, ബിറ്റ് കോയിൻ തുടങ്ങിയ സാങ്കേതിക വിദ്യ

| | | |
|---|---|---|
| | തടയുവാനും ലഹരി വസ്തുക്കളുടെ വിപണനം, ഉത്പാദനം ഇവ കർശനമായി തടയുവാനും കേന്ദ്ര-സംസ്ഥാന ഏജൻസികളെ കൊണ്ട് സംയുക്തമായി കടലിലും ചെക്പോസ്റ്റുകളിലും അന്തർ സംസ്ഥാന ബസ്സുകളിലും രാത്രിയിൽ ഓടുന്ന സംസ്ഥാനത്തെ ദീർഘ ദൂര പ്രൈവറ്റ് ബസ്സുകളിലും പരിശോധന നടത്തുന്നതിനുമായി സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ? | സംവിധാനങ്ങളും ഉപയോഗിച്ച് ലഹരി പദാർത്ഥങ്ങൾ വിൽപ്പന നടക്കുന്നതായ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ എക്സൈസ് വകുപ്പ് ഒരു സൈബർ സെൽ രൂപീകരിച്ച് ഇത്തരം കുറ്റകൃത്യങ്ങൾ കണ്ടെടുത്ത് നിയമ നടപടി സ്വീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു. അന്താരാഷ്ട്ര ബന്ധമുള്ള മയക്ക് മരുന്ന് കേസുകളിൽ അന്വേഷണം നടത്തുന്നതിന് എക്സൈസ് വകുപ്പ് നാർക്കോട്ടിക് കൺട്രോൾ ബ്യൂറോ, നാഷണൽ ഇൻവെസ്റ്റിഗേഷൻ ഏജൻസി തുടങ്ങിയവയുടെ സഹായം ആവശ്യപ്പെടുന്നതാണ്. ലഹരി വസ്തുക്കൾ സംസ്ഥാനത്തേക്ക് കടത്തിക്കൊണ്ടു വരുന്നത് തടയുന്നതിന് ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തി വാഹന പരിശോധനകൾ കർശനമാക്കിയിട്ടുള്ളതും എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ തമിഴ്‌നാട്-കർണ്ണാടക സംസ്ഥാനങ്ങളിലെ എൻഫോഴ്സ്മെന്റ് വിഭാഗങ്ങളുമായും സംസ്ഥാനത്തിനകത്ത് പോലീസ്, ഫോറസ്റ്റ്, റവന്യൂ മറൈൻ എൻഫോഴ്സ്മെൻറ്, കോസ്റ്റൽ പോലീസ്, ആർ.പി.എഫ്. തുടങ്ങിയ വിഭാഗങ്ങളുമായും ചേർന്ന് ബന്ധപ്പെട്ട മേഖലകളിൽ സംയുക്ത പരിശോധനകൾ നടത്തുകയും ചെയ്യുന്നുണ്ട്. കൂടാതെ രാജ്യത്തെ പ്രധാനപ്പെട്ട എൻഫോഴ്സ്മെന്റ് ഏജൻസികളായ എൻ.സി.ബി., കസ്റ്റംസ് & സെൻട്രൽ എക്സൈസ്, കോസ്റ്റൽ പോലീസ്, മറൈൻ എൻഫോഴ്സ്മെൻറ് വിംഗ്, പോലീസ്, ഫോറസ്റ്റ്, റവന്യൂ എന്നീ വിഭാഗങ്ങളുമായി എല്ലാ |

| | | | |
|---|---|---|---|
| | | | മൂന്ന് മാസം കൂടുന്തോറും മീറ്റിംഗുകൾ നടത്തി സംസ്ഥാനത്തെ ഈ മേഖലയിലുള്ള പുതിയ കുറ്റകൃത്യങ്ങളെ സംബന്ധിച്ച് ചർച്ച ചെയ്ത് വിവര ശേഖരണം നടത്തി വിവരങ്ങൾ കൈമാറി തുടർ നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**